## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2890 — 17/10/2016-ൽ മറുപടിക്ക്

### ഗുണനിലവാരം കുറഞ്ഞ ആയുർവ്വേദ മരുന്നുകളും സൗന്ദര്യവർദ്ധക സാധനങ്ങളും

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞ ആയുർവ്വേദ മരുന്നുകളും സൗന്ദര്യവർദ്ധക സാധനങ്ങളും പരസ്യങ്ങളുടെ പിൻബലത്തോടെ വലിയതോതിൽ വിറ്റഴിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) യും ബി) യും | ഉണ്ട്. ഇത് നിയന്ത്രിക്കുന്നതിന് ആരോഗ്യവകുപ്പിന് നിയമപരമായി നടപടി സ്വീകരിക്കുവാൻ കഴിയും. ഗുണനിലവാരം കുറഞ്ഞ ആയുർവേദ മരുന്നുകളും സൗന്ദര്യ വർദ്ധക സാധനങ്ങളും വിപണനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സ്ഥാപനം പരിശോധിച്ച് സാമ്പിൾ ശേഖരിക്കുകയും പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. പരിശോധനയിൽ ഗുണനിലവാരം ഉറപ്പാക്കുന്നില്ലായെങ്കിൽ പ്രസ്തുത ഔഷധം പൂർണ്ണമായും വിപണിയിൽ നിന്നും പിൻവലിയ്ക്കുകയും നിർമ്മാതാവിനെതിരെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് ആന്റ് റൂൾസ് അനുസരിച്ച് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| ബി) ഇത് നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പിനു നിയമപരമായി നടപടി സ്വീകരിക്കുവാൻ കഴിയുമോ; ഇക്കാര്യത്തിൽ ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ